1978ൽ പ്രവർത്തനം ആരംഭിച്ച ജി എൽ പി എസ് ചോക്കാട് പ്രൈമറി സ്കൂളുകളിൽ മികച്ച നിലവാരം പുലർത്തുന്ന വിദ്യാലയമായി മാറി. അക്കാദമിക ഭൗതിക സാഹചര്യത്തിലും സാമൂഹ്യപങ്കാളിത്തം കൊണ്ടും നല്ല രീതിയിൽ പ്രവർത്തിച്ചു പോരുന്നു. സ്കൂളിലെ എല്ലാവരും ഒത്തൊരുമിച്ച് നാടിൻറെ വീടായ ഈ വിദ്യാലയത്തെ കാത്തുസൂക്ഷിക്കുന്നു. മറ്റ് സ്കൂളുകളിൽ നിന്നും ഒരുപാട് പ്രത്യേകതകൾ നമ്മുടെ വിദ്യാലയത്തിനുണ്ട് . പൂർണമായി 100% എസ് ടി കുട്ടികൾ പഠിക്കുന്ന സബ് ജില്ലയിലെ ഒരേയൊരു വിദ്യാലയമാണ് ജി എൽ പി എസ് ചോക്കാട്. കാടിനോട് ചേർന്ന് കിടക്കുന്ന മികച്ച ഭൗതിക സാഹചര്യമുള്ള ഒരു വിദ്യാലയമാണിത്. ഇവിടെ ഇപ്പോൾ ഒരു ഹെഡ്മാസ്റ്ററും 2 എൽ പി എസ് സി, ഒരു പിടിസിഎം, ഉണ്ട്. ഓഫീസ് ഉൾപ്പെടെ 4 ക്ലാസ്സ് റൂം ഒരു അസംബ്ലി ഹാൾ ,മികച്ച യൂറിനൽ, കക്കൂസ്, അടുക്കള, ഗ്രൗണ്ട് ,ചുറ്റുമതിൽ എന്നിവ ഉണ്ട് മുതിർന്നവരുടെ ലഹരി ഉപയോഗം കുട്ടികളുടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.അതിനാൽ തന്നെ വീടുകളിൽ നിന്ന് കുട്ടികൾക്ക് ലഭിക്കേണ്ട പരിഗണനയും മോട്ടിവേഷനും പഠനത്തിന് കുട്ടികൾക്ക് ലഭിക്കുന്നില്ല. 2025-26 അധ്യായന വർഷത്തിൽ ഒന്നാം ക്ലാസിലേക്ക് 2 കുട്ടികൾ പുതുതായി വന്നുചേർന്നു. ഇപ്പോൾ ആകെ 11 കുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നുണ്ട്.

കുട്ടികളുടെ പഠനകാര്യങ്ങളിൽ 80 ശതമാനം രക്ഷിതാക്കൾ നിരുത്തരവാദപരമായാണ് ഇടപെടുന്നത്. പല കുട്ടികളെയും അധ്യാപകർ വീട്ടിൽ പോയി കൂട്ടി വരേണ്ട സാഹചര്യമാണ് ഇവിടെ ഉള്ളത്. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം ഗൃഹ സന്ദർശനം നടത്തുന്നു കുട്ടികളെ സ്കൂളിലേക്ക് എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.

# നിലവിൽ നടന്നുപോകുന്ന അക്കാദമിക പ്രവർത്തനങ്ങൾ

15 വർഷത്തിനുള്ളിൽ സ്കൂളിനും കുട്ടികൾക്കും ചുറ്റുപാടിനും വളരെ മാറ്റങ്ങൾ ഉണ്ടായി. ഇപ്പോഴും അത് തുടരുന്നു. സ്കൂൾ ഭൗതികതലത്തിലും അക്കാദമിതലത്തിലും മികച്ച മെച്ചപ്പെടൽ ഉണ്ടായി. കോവിഡിന് മുന്നേ വരെ ഇവിടുന്ന് പഞ്ചായത്ത് സബ് ജില്ലാ ജില്ലാ മത്സരങ്ങൾക്ക് പങ്കെടുപ്പിക്കുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഇത്തരം പരിപാടികൾക്ക് കുട്ടികൾ വിമുഖത കാട്ടുന്നു. ഇത് തരണം ചെയ്യുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്തു നടത്തിപ്പോരുന്നു. കുട്ടികൾ പുറത്തുള്ള മറ്റു കുട്ടികളുമായും മുതിർന്നവരുമായും യോജിച്ചു പോകാനും തുടങ്ങിയിരിക്കുന്നു. പുറത്തുനിന്ന് വരുന്ന അധ്യാപകർ മറ്റുള്ളവർ എന്നിവരുമായി ഇടപഴകുന്നത് വലിയ മാറ്റം തന്നെ ഉണ്ടാക്കുന്നു.സ്കൂളിൻ്റെ വളർച്ച കോളനിയുടെ വളർച്ച തന്നെയാണ് സ്കൂളിൻ്റെ ഏതു പരിപാടിയും നാട്ടുകാരുടെ ഉത്സവവുമായി കൊണ്ടാടുന്നു.

- ജികെ ബോർഡ്
- പഠനമുറി
- മലയാളത്തിളക്കം
- ഹലോ ഇംഗ്ലീഷ്
- പ്രകൃതി പഠനം
- ശേഖരണം / പ്രദർശനം
- അമ്മ ടീച്ചർ
- വീഡിയോ ടീച്ചിംഗ്
- കായിക പരിശീലനം
- ചിത്രരചനാ പരിശീലനം
- വായനാ പരിശീലനം
- ലൈബ്രറി ബുക്ക് ലഭ്യമാക്കൽ
- ബാല പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കൽ വായന പ്രോത്സാഹനം
- ഗൃഹസന്ദർശനം
- യൂണിറ്റ് ടെസ്റ്റ്

- ക്വിസ്
- രചനാ മത്സരങ്ങൾ
- കൃഷി പ്രോത്സാഹനം
- പൂന്തോട്ട പരിപാലനം
- ഫീൽഡ് ട്രിപ്പ്

ക്രിയാത്മകവും നൂതനവുമായ ആശയങ്ങൾ ഉൾക്കൊണ്ട് കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള പരിശ്രമങ്ങൾ തുടർന്നും നടത്തിപ്പോരുന്നു.

# ഭൗതിക സാഹചര്യം

അക്കാദമികവുമായി ബന്ധപ്പെട്ട മെച്ചപ്പെടലിന് ഭൗതിക മെച്ചപ്പെടലും അത്യാവശ്യമാണ്.

- എൽ പി യിൽ നിന്നും യുപി തലത്തിലേക്ക് ഉയർത്തണം
- സ്പെഷ്യൽ ടീച്ചേഴ്സിന്റെ സേവനം അത്യാവശ്യമാണ്
- കുടിവെള്ള ലഭ്യതയിൽ അപര്യാപ്തതയുള്ളത് പരിഹരിക്കണം ഒരു പാർക്ക് സ്കൂളിലേക്ക് കുട്ടികളെ ആകർഷിക്കാൻ
- സ്കൂൾ പെയിൻറ് ചെയ്തു ഭംഗിയാക്കുക
- സ്കൂളിൽ ഒരു കവാടം
- ഓപ്പൺ ലൈബ്രറി
- കുട്ടികൾക്ക് ഇരുന്നു ഭക്ഷണം കഴിക്കാൻ ഡൈനിങ് ഹാൾ
- ആധുനിക രീതിയിൽ അടുക്കള

ഇവ സ്കൂളിന്റെ മാത്രമല്ല നാടിൻ്റെ വളർച്ചയ്ക്കും ഇത് വളരെ അത്യാവശ്യമാണ്

# ഭാഷാ

# മലയാളം

## ലക്ഷ്യങ്ങൾ

അക്കാദമിക നിലവാരം മെച്ചപ്പെടുത്താൻ തക്ക പഠന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു. അതുവഴി പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ തൊട്ടുമുന്നിലേക്ക് എത്തിക്കാനും ഓരോ നിലവാരത്തിലുള്ളവരെയും തൊട്ടുമുന്നിൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു.

എല്ലാ കുട്ടികളും സ്വതന്ത്ര വായന മികച്ച ലേഖനം സന്ദർഭോചിത ഭാഷ പ്രയോഗശേഷി എന്നിവ കൈവരിക്കൽ.

ലൈബ്രറിയുടെ ഫലപ്രദമായ ഉപയോഗം. ബാലസഭാ സംഘാടനവും പങ്കാളിത്തവും ഉറപ്പാക്കൽ .

വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ .

മലയാളത്തിന്റെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ.

ആസ്വാദ്യകരമായ വായനയിൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തൽ .

എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടൽ .

വായനയുമായി ബന്ധപ്പെട്ട ഐസിടി സാധ്യത സജ്ജീകരിക്കൽ .

ചുമർപത്രം മാഗസിൻ എന്നിവയുടെ വായന എഴുത്ത് എന്നിവ പരിപോഷിപ്പിക്കൽ.

## പ്രവർത്തനങ്ങൾ

- പഠനനിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ്.
- കുട്ടികളുടെ നിലവാരം മനസ്സിലാക്കുന്നു.
- എഴുത്തും വായനയും അറിയാത്ത കുട്ടികൾക്ക് പ്രത്യേക സമയം കണ്ടെത്തി രസകരമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മോഡ്യൂൾ തയ്യാറാക്കി ക്ലാസ് എടുക്കുന്നു.
- പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ വീട്ടിലെ സാഹചര്യ മനസ്സിലാക്കി രക്ഷിതാക്കൾക്ക് വേണ്ട ബോധവൽക്കരണം.

- അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ. അക്ഷരക്കാര്ഡുലകൾ,വാക്യ കാർഡുകൾ
- പത്രവായന
- സ്കൂൾ ലൈബ്രറി നവീകരണം
- ദിനാചരണങ്ങളുടെ കൃത്യമായ നടത്തിപ്പ്
- വായനാക്കുറിപ്പുകൾ ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കൽ
- ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന.
- ചുമർപത്രിക തയ്യാറാക്കൽ.
- പതിപ്പുകൾ തയ്യാറാക്കൽ. ബാലസഭയിൽ ഇവയുടെ അവതരണം.
- അതിഥി ക്ലാസുകൾ .
- അമ്മ ക്ലാസുകൾ.
- പഠന വിഭവങ്ങൾ തയ്യാറാക്കൽ. വായനാ മത്സരങ്ങൾ വായനാക്കയി. ചിത്രരചനാ മത്സരങ്ങൾ /ശില്പശാലകൾ സംഘടിപ്പിക്കുന്നു.
- കവിതാ ശേഖരണം ചൊല്ലൽ. കവിതയുമായി ബന്ധപ്പെടുത്തി കഥ പറയൽ.
- വായന എളുപ്പത്തിലാക്കാൻ ക്ലാസ് ലൈബ്രറി .
- കഥകൾ കവിതകൾ വായിച്ചും കേട്ടതും അഭിപ്രായം പറയുക.
- കയ്യെഴുത്തു മാസിക തയ്യാറാക്കൽ. പഴഞ്ചൊൽക്കേളി .
- കടങ്കഥ മത്സരങ്ങൾ.
- ചുമരിലെ ചിത്ര വിശദീകരണം. പകർത്തിയെഴുത്ത് .
- അക്ഷരങ്ങൾ വാക്കുകൾ വാക്യങ്ങൾ നിർമ്മാണം.
- ചലച്ചിത്രപ്രദർശനം.
- പരീക്ഷാ പരിശീലനം .
- ഓരോ പ്രവർത്തനത്തിനും മികച്ചവരെ കണ്ടെത്തി സമ്മാനങ്ങൾ നൽകുന്നു. അനിമേഷൻ ചിത്രങ്ങൾ പ്രദർശനം ചിത്രീകരിക്കൽ.
- കഥയിലെ ഭാഗങ്ങൾ വിശദീകരണം. കഥ പൂർത്തിയാക്കൽ.
- മൃഗങ്ങൾ പ്രകൃതിയിലെ വസ്തുക്കൾ ഇവ കഥാപാത്രങ്ങളുമായി വരുന്ന കഥകൾ ശേഖരിക്കുക.
- കഥാചിത്രങ്ങൾ നിരീക്ഷിച്ച ആശയ ക്രമത്തോടെ കഥ പറയുക

# ഇംഗ്ലീഷ് പ്രവർത്തനങ്ങൾ

## ലക്ഷ്യങ്ങൾ

ഇന്ന് മാതൃഭാഷയോടൊപ്പം പ്രാധാന്യം

നൽകേണ്ട ഒന്നാണ് ഇംഗ്ലീഷ് ഭാഷ പഠനം.പാഠ്യപദ്ധതിയിലും നമ്മുടെ ജീവിതത്തിലും ഭാവിയിലേക്കും തൊഴിൽ മേഖലകളിലും ഒഴിച്ചുകൂടാൻ ആകാത്തതാണ് ഇംഗ്ലീഷ്. ആയതിനാൽ അതിൻ്റെ പ്രാധാന്യം ഇംഗ്ലീഷ് ഭാഷയ്ക്ക് നൽകിയ മതിയാകൂ. ഇംഗ്ലീഷ് വായിക്കാനും എഴുതാനും തെറ്റുകൾ കണ്ടെത്തി തിരുത്താനും ഉള്ള കഴിവ് . കുട്ടികൾക്ക് Vocabulary, Writing , Listening, reading skills വർദ്ധിപ്പിക്കുക.

## പ്രവർത്തനങ്ങൾ

- പ്രീ ടെസ്റ്റ് നടത്തുക.
- കുട്ടിയുടെ നിലവാരം മനസ്സിലാക്കുക.
- അതിഥി ക്ലാസുകൾ സംഘടിപ്പിക്കുക.
- ഇംഗ്ലീഷ് മികവുള്ള അധ്യാപകരെ കണ്ടെത്തി ക്ലാസ്സെടുത്തു ഇംഗ്ലീഷിൽ താൽപര്യം ജനിപ്പിക്കുക.
- അക്ഷരങ്ങൾ വാക്കുകൾ തിരിച്ചറിയുക.
- ചിത്രങ്ങളിൽ നിന്ന് ചെറിയ വാക്യങ്ങൾ ഉണ്ടാക്കുക.
- തലക്കെട്ട് നൽകുക.
- Picture reading, self introduction.
- ഇംഗ്ലീഷ് അസംബ്ലി.
- പസിൽ പൂർത്തിയാക്കുക.
- ഇംഗ്ലീഷ് ക്വിസ് സംഘടിപ്പിക്കുക.
- ഇംഗ്ലീഷ് ന്യൂസ് പേപ്പർ വായന.
- ഇംഗ്ലീഷ് ബുക്ക് വായന.
- ഇംഗ്ലീഷ് ബാലപ്രസിദ്ധീകരണങ്ങൾ വായന.
- വരികൾ കൂട്ടിച്ചേർക്കുക .
- നോട്ടീസ് തയ്യാറാക്കൽ.
- ഡയറിയെഴുത്ത്.
- സംഭാഷണം തയ്യാറാക്കൽ.

- മാഗസിൻ തയ്യാറാക്കൽ
- കഥ വികസിപ്പിക്കൽ
- കവിത വരികൾ കൂട്ടിച്ചേർക്കൽ
- കഥ പൂർത്തിയാക്കൽ
- കഥ പറയൽ
- ഇംഗ്ലീഷ് കഥ കവിത  സിനിമ കാർട്ടൂൺ അനിമേഷൻ എന്നിവ കാണുക.
- ഇംഗ്ലീഷ് കോർണർ സ്ഥാപിക്കുക.
- ഇംഗ്ലീഷ് വായന കാർഡുകൾ: ശേഖരിക്കുക വായിക്കുക.
- ഇംഗ്ലീഷ് ബാല പ്രസിദ്ധീകരണങ്ങൾ വായിക്കാനുള്ള താല്പര്യം ജനിപ്പിക്കുക.
- ഹലോ ഇംഗ്ലീഷ് നടപ്പാക്കുക.

# പരിസര പഠന പ്രവർത്തനങ്ങൾ

# <u>ലക്ഷ്യങ്ങൾ</u>

കുട്ടികൾക്ക് താരതമ്യ രസകരമാണ് പരിസര പഠനം.പ്രകൃതിയോടണങ്ങിയ ജീവിതരീതിയോടും പ്രവർത്തനങ്ങളോടും അടുത്തു നിൽക്കുന്ന ഈ വിഷയം അതിൻ്റെ പ്രാധാന്യത്തോടെയും ഗൗരവത്തോടെയും കാണേണ്ടതും പഠിക്കേണ്ടതും ആണ്. കുട്ടികൾക്ക് കൗതുകവും നിരീക്ഷണപാടവം വളർത്തിയെടുക്കുന്നത് ആവണം പരിസര പഠന പ്രവർത്തനങ്ങൾ. ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയണം. ശാസ്ത്രത്തിൻ്റെ രീതി സ്വയം വ്യക്തമാക്കണം. നിരന്തരമായ അന്വേഷണത്തിലൂടെ ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തണം. പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യണം. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കാൻ കഴിയുന്ന തരത്തിലുള്ളതാകണം ശാസ്ത്ര പഠനം. ശാസ്ത്രീയ വീക്ഷണം രൂപപ്പെടണം. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുന്നതാകണം. പരിസര പഠനം പ്രകൃതിയുമായുള്ള മനുഷ്യൻ്റ ഇടപെടൽ വിവേകപൂർണമാക്കണം. സ്വന്തമാക്കിയ അറിവ് ജീവജാലങ്ങളുടെ നന്മയ്ക്കായി ഉപയോഗിക്കണം. സുസ്ഥിരവികസനം എന്ന ആശയം വികസിപ്പിക്കണം. നിരീക്ഷണ പരീക്ഷണ പ്രവർത്തനങ്ങൾ ഏർപ്പെടുകയും നിഗമനങ്ങൾ രൂപീകരിക്കുകയും ചെയ്യണം.

# <u>പ്രവർത്തനങ്ങൾ</u>

- പ്രീ ടെസ്റ്റ് നടത്തിനിലവാരം മനസ്സിലാക്കുന്നു.
- ശേഖരണങ്ങൾ പ്രോത്സാഹിപ്പിക്കുന്നു ( നാണയങ്ങൾ ,വിത്ത് ,തൂവൽ ,ഇല etc).
- പ്രകൃതി നടത്തം ( കുന്ന്, കുളം ,മല).
- ഔഷധസസ്യങ്ങൾ പഠനവും ശേഖരണവും.
- സ്കൂളിൽ പൂന്തോട്ടം അടുക്കളത്തോട്ടം തയ്യാറാക്കുന്നു (മുതിർന്നവർ അധ്യാപകർ രക്ഷിതാക്കൾ ) സഹകരണത്തോടെ.
- പാഠപുസ്തകങ്ങൾ ഉൾപ്പെടുത്തി പഠനോപകരണങ്ങൾ  നിർമ്മാണം പ്രദർശനം (രക്ഷിതാക്കൾ ഉൾപ്പെടെ).
- പ്രദേശത്തെ സസ്യങ്ങൾ ജന്തുക്കൾ ലിസ്റ്റ് തയ്യാറാക്കൽ ആൽബം തയ്യാറാക്കൽ.

- മഹാന്മാരുടെ ആൽബം.
- ശുചിത്വം (പരിസരം വ്യക്തി).
- അറിവിൻ്റെ കേന്ദ്രമാക്കുക (ചാർട്ട്, ചിത്രങ്ങൾ, പുസ്തകങ്ങൾ, ഉപകരണങ്ങൾ ,കൗതുക വസ്തുക്കൾ ,അക്വേറിയം ).
- നക്ഷത്ര നിരീക്ഷണം വാനനിരീക്ഷണം.
- ആൽബങ്ങൾ ( ജീവികൾ ,സസ്യങ്ങൾ, പൂക്കൾ ).
- ക്ലാസ് മുറികളിൽ ഫസ്റ്റ് എയ്ഡ് ബോക്സ് സജ്ജീകരിക്കൽ.
- ഗൃഹ സന്ദർശനം ശുചിത്വ ബോധവൽക്കരണം.
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം ജന്മദിനത്തിൽ പൂച്ചട്ടി (ചെടി ഉൾപ്പെടെ).
- ജന്മദിനത്തിന് ഒരു മരം.
- ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് പ്രത്യേകതകൾ.
- വേര് ഇല തണ്ട് കായ് ധർമ്മം ലഘു പരീക്ഷണങ്ങളുടെ തെളിയിക്കുന്നു. നമുക്ക് ചുറ്റും വിവിധതരത്തിൽ പെട്ട ധാരാളം ജീവികൾ ഉണ്ടെന്നും അവയുടെ പ്രത്യേകതകൾ തിരിച്ചറിയാനും കഴിയുന്നു .
- പരിസര ജലസ്രോതസ്സുകൾ കണ്ടെത്തുന്നു.
- കൊതുക് നശീകരണ പ്രവർത്തനങ്ങൾ ഏർപ്പെടുന്നു.
- അഭിമുഖം :- ശരിയായ വളർച്ചയ്ക്കും ആരോഗ്യത്തിനും ഭക്ഷണം ആവശ്യമാണെന്ന് തിരിച്ചറിയുന്നു സർവ്വേ :- തന്റെ ചുറ്റുപാടുകളെ ജനങ്ങൾ കൂടുതലായും ഏതെല്ലാം ജോലികളിലാണ് ഏർപ്പെട്ടിട്ടുള്ളത് എന്ന് കണ്ടെത്തുന്നു. വിവിധതരം തൊഴിലുകൾ ആവശ്യമാണ് എന്ന് തിരിച്ചറിയുന്നു.
- ചിത്രശലഭങ്ങളുടെ ജീവിതചക്രം പറയുന്നു.
- വ്യത്യസ്ത തരത്തിലുള്ള മണ്ണുകൾ അറിയുന്നു.
- റോഡ് അപകടങ്ങളെ കുറിച്ച് അറിയുന്നു.
- നിയമപാലകരെ കുറിച്ച് അറിയുന്നു.
- വീട് നിർമാണത്തെക്കുറിച്ച് അതിൻ്റെ വിവിധ ഘട്ടങ്ങളെ കുറിച്ചും അറിയുന്നു.
- പൊതു സ്ഥാപനങ്ങളെ കുറിച്ച് അറിയുന്നു.

# ഗണിതം
# പ്രവർത്തനങ്ങൾ

## ലക്ഷ്യങ്ങൾ

എൽ പി തലത്തിൽ ഗണിത വിദ്യാഭ്യാസം രസകരവും പ്രക്രിയ ബന്ധവും പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് ആർജിക്കുക എന്ന ലക്ഷ്യമാണ് നേടേണ്ടത്. നാലക്ക സംഖ്യകൾ വരെയുള്ള സംഖ്യകൾ പരിചയപ്പെടൽ വ്യാഖ്യാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ലക്ഷ്യമായി കണക്കാക്കണം കൈവരിക്കണം. വലുത് ചെറുത് എന്നിവ കണ്ടെത്തണം. ചതുഷ്ക്രിയകൾ പരിചയപ്പെടൽ ശേഷി നേടൽ. സ്ഥാന വില അറിയൽ.

## പ്രവർത്തനങ്ങൾ

- നാലക്ക സംഖ്യകൾ വരെയുള്ള സംഖ്യകളെ അക്കത്തിലും അക്ഷരത്തിലും എഴുതുക സ്ഥാന വില തിരിച്ചറിഞ്ഞ് സംഖ്യ പൂർണം നടത്തുകയും ചെയ്യുക .
- സംഖ്യകളെ താരതമ്യം ചെയ്ത് വലിപ്പക്രമം അനുസരിച്ച് ആരോഹണം അവരോഹണം സംഖ്യാ വ്യാഖ്യാനം എന്നിവ നടത്തുന്നു.
- സംഖ്യാബോധവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ സ്വയം കണ്ടെത്തി വിശകലനം ചെയ്യുകയും പരിഹരിക്കുകയും ചെയ്യുന്നു (ടി ലക്ഷ്യങ്ങൾ കൈവരിക്കാൻ ആയി നൽകാവുന്ന പ്രവർത്തനങ്ങൾ താഴെ പറയുന്നു).
- വലുതാര് ചെറുതാര്.
- വീട്ടിലെ വലിയവൻ ഉയരം (താരതമ്യപഠനം അളക്കൽ).
- സംഖ്യകളെ കൂട്ടങ്ങൾ ( മഞ്ചാടി, പുളിങ്കുരു ,കല്ല്).
- കൂട്ടത്തിലെ കൂട്ടുകാരൻ ( സംഖ്യയെ ബന്ധിപ്പിക്കൽ വ്യാഖ്യാനിക്കൽ). '
- ആരോഹണം അവരോഹണം കാർഡുകളിൽ മുന്നിൽ പിന്നിൽ റിബൺ കളി ഇണതേടൽ ( ജോഡി ഒപ്പിക്കൽ) സംഖ്യ പോക്കറ്റ് .
- പറയൂ പറയൂ ഞാൻ എത്ര ഒളിച്ചിരിക്കുന്നത് (പിരിച്ചെഴുതുക ).
- കൂടെക്കൂട്ടം കൂട്ടുകൂടാം (സങ്കലന പ്രവർത്തനങ്ങൾ ).
- ഗണിത ലാബ് നിർമ്മാണം.
- രക്ഷിതാക്കളെ ഉൾപ്പെടുത്തി വർക്ക് ഷോപ്പ് .

- ചാർട്ടുകൾ തയ്യാറാക്കാൽ.
- ഒറ്റ ഇരട്ട  സംഖ്യകൾ ഉറപ്പിക്കുന്ന പ്രവർത്തനം.
- സങ്കലനം വ്യവകലനം എന്നീ ക്രീയകൾ രസകരമായി പഠിക്കൽ.
- ഏണിയും പാമ്പും കളി.
- സംഖ്യാ കാർഡ് നിർമ്മാണം.
- രൂപങ്ങൾ (ജാമിതീയ )നിർമ്മാണം.
- കളി നോട്ട് ശേഖരണം.
- നാണയ ശേഖരണം.
- ഗണിത കിറ്റ് സംഖ്യ പമ്പരം നിർമ്മാണം നിർമ്മാണം.

ഈ പ്രവർത്തനങ്ങൾക്ക് വിദഗ്ധരായ രക്ഷിതാക്കൾ സമീപവാസികൾ അധ്യാപകർ റിസോഴ്സ് പേഴ്സൺ തുടങ്ങിയവരുടെ സേവനം ഉറപ്പാക്കുന്നു

# വായന പ്രവർത്തനങ്ങൾ

## ലക്ഷ്യങ്ങൾ

വായിച്ചു വളരുക എന്നത് മനുഷ്യനെ സംബന്ധിച്ചിടത്തോളം അറിവ് വളർത്താനുതകുന്ന ആയാസരഹിതമായ ഒരു വിനോദോപാദി കൂടിയാണ്. ഇന്ന് വായിക്കാനുള്ള അവസരവും താല്പര്യവും കുറഞ്ഞുവരുന്ന സാഹചര്യമാണ് പൊതുവേ കണ്ടിട്ടുള്ളത്. ആയതിനാൽ വായനക്ക് വളരെയധികം പ്രാധാന്യം നൽകേണ്ടത് ഇന്നത്തെ കാലഘട്ടത്തിൻ്റെ ആവശ്യമാണ്. ജി എൽ പി എസ് ചോക്കാടിലെ കുട്ടികൾക്ക് വായന വിഭവങ്ങൾ കണ്ടെത്താൻ വളരെയേറെ പ്രയാസമായിരുന്നു. എന്നാൽ ഇന്ന് വളരെയധികം പുസ്തകങ്ങൾ അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ക്ലാസ് ലൈബ്രറി ആയും സ്കൂൾ ലൈബ്രറിയും വളരെ ഏറെ പുസ്തക ശേഖരം തന്നെ ഇവിടെ ഉണ്ട്. സ്കൂളിൽ ലൈബ്രറിയിൽ നിന്നും രക്ഷിതാക്കൾക്കും കുട്ടികൾക്കും പുസ്തകങ്ങൾ വായിക്കുവാനുള്ള അവസരമുണ്ട്. ഇതിലൂടെ വൈജ്ഞാനിക സാമൂഹിക വ്യക്തിത്വ വികസനത്തിന് ഊന്നൽ നൽകുന്നു.

## പ്രവർത്തനങ്ങൾ

- ലൈബ്രറി പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ.
- ക്ലാസിന് കുട്ടികൾക്ക് യോജിച്ച പുസ്തകങ്ങൾ തയ്യാറാക്കുക.
- ക്ലാസിൽ വായനശാല തയ്യാറാക്കുക.
- ബാലപ്രസിദ്ധീകരണങ്ങൾ ഉറപ്പാക്കുക.
- വായന കാർഡ് തയ്യാറാക്കുക.
- സർഗാത്മക രചനകൾ നടത്തുക.
- സ്കൂളിൽ ദിനപത്രം ലഭ്യമാക്കുക.
- ദൂരദർശൻ വാർത്തകൾ കാണിക്കുക.
- രക്ഷകർത്താക്കൾക്കും പുസ്തകം എടുത്തു വായിക്കാൻ അവസരം നൽകുക.
- ചിത്ര ചാർട്ട് വായന.
- വീഡിയോകൾ കണ്ട് കഥ കവിത തുടങ്ങിയവ പറയുന്നതിന് അവസരം.

# ലാബ് പ്രവർത്തനങ്ങൾ

## ലക്ഷ്യങ്ങൾ

അനുഭവത്തിലൂടെയുള്ള പഠനത്തിന് അവസരമൊരുക്കി ലളിതവും രസകരവുമായി പഠനത്തിനും അറിവുനിർമാണത്തിനും സ്വയം പഠനത്തിനും സൃഷ്ടിപരതയ്ക്കും കൂടുതൽ അവസരം ഒരുക്കൽ .

## പ്രവർത്തനങ്ങൾ

- വിവിധ ലാബുകൾക്ക് സ്ഥലം ഒരുക്കൽ. ( ഭാഷ, ഗണിതം, പരിസര പഠനം).
- മഹത് വചനങ്ങൾ തയ്യാറാക്കൽ.
- രസകരമായ ഫോട്ടോകൾ സീനറികൾ.
- പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസന്റേഷനുകൾ.
- പലതരം നോട്ടീസ് ബ്രോഷർ പോസ്റ്റർ ശേഖരിച്ച് പ്രദർശിപ്പിക്കൽ.
- കടങ്കഥകൾ ശൈലികൾ പഴഞ്ചൊല്ലുകൾ ശേഖരിച്ച് പ്രദർശനം. എൽഇഡി ടിവി റേഡിയോ ലാപ്ടോപ്പ് ലഭ്യമാക്കുക.
- പാമ്പും കോണിയും.
- ചിത്രരചയ്ക്ക് ആവശ്യമായ സാമഗ്രികൾ.

# കലാകായിക

# ആരോഗ്യ

# ഐ ടി

# പ്രവർത്തന പരിചയ മേള

# പ്രവർത്തനങ്ങൾ

## ലക്ഷ്യങ്ങൾ

കലാകായിക പ്രവർത്തനങ്ങളിൽ വളരെ പിന്നോക്കം നിൽക്കുന്ന അവസ്ഥയാണ് ഇന്ന് നമ്മുടെ വിദ്യാലയത്തിലുള്ളത്. അതിന് പ്രധാന കാരണം രക്ഷകർത്താക്കളുടെ അജ്ഞതയും ലഹരി ഉപയോഗത്തിന്റെ അതിപ്രസരവുമായി കരുതപ്പെടാം. പോഷകാഹാരത്തിന്റെ അഭാവവും ഒരു പരിധി വരെ ഇതിന് കാരണമാണ്. കുട്ടികൾക്ക് രോഗം വന്നാൽ പോലും ആശുപത്രി ആശ്രയിക്കാത്ത അവസ്ഥയാണ് . പക്ഷേ ഹെൽത്ത് ഡിപ്പാർട്ട്മെൻ്റിൻ്റെയും അധ്യാപകരുടെയും നിരന്തര പരിശ്രമമായി ബോധവൽക്കരണത്തിലൂടെ മാറ്റം വരുന്നുണ്ട്.അതിൻറെ ഫലമായി റൂബല്ല വാക്സിനേഷൻ 100% കൈവരിക്കാൻ കഴിഞ്ഞു. നമ്മുടെ കുട്ടികൾ മറ്റു കുട്ടികളിൽ നിന്ന് ആരോഗ്യപരമായി വളരെ പുറകിലാണ്. ആയതിനാൽ കുട്ടികൾക്ക് ആവശ്യമായ പോഷകാഹാരം നൽകി കലാകായിക പ്രവർത്തനങ്ങളിൽ മുന്നോട്ട് നയിക്കേണ്ടതുണ്ട്. അതിനായി കലാകായിക കൈത്തൊഴിൽ അധ്യാപകരുടെ സേവനം ജി എൽ പി ചോക്കാടിന് അത്യാവശ്യമാണ്.

## കലാപഠനം

- കുട്ടികളിൽ ജന്മനായുള്ള വാസനകളെ തിരിച്ചറിഞ്ഞു വേണ്ട രീതിയിൽ പ്രോത്സാഹനം നൽകുക.
- ആഴ്ചയിൽ ഒരു ദിവസം ഒരു മണിക്കൂർ കലാ പഠനത്തിനായി മാറ്റിവയ്ക്കണം.
- തുടർച്ചയായ പരിശീലനത്തിന് താല്പര്യമുള്ളവരെ തിരഞ്ഞെടുക്കൽ.
- കഥ കവിത ചിത്രരചന മറ്റ് നിർമാണ പ്രവർത്തനങ്ങൾ പരിശീലനം. നാടൻപാട്ട് സംഗീത വിരുന്ന്.
- ചിത്രരചനാ ക്യാമ്പ് (രക്ഷകർത്താക്കളെ ഉൾപ്പെടുത്തി).
- സിനിമ പ്രദർശനം.
- കലാപരമായ ഉപകരണങ്ങളും ആവിഷ്കാരങ്ങളും സ്കൂളിൽ പ്രദർശിപ്പിക്കുക.

## ആരോഗ്യ കായിക പഠനം

- എല്ലാവർക്കും കായിക ക്ഷമത ഉറപ്പാക്കാൻ എല്ലാ ദിവസവും മൈതാനത്ത് ഇറങ്ങി സ്വതന്ത്രമായി കളിക്കൽ.
- കായികക്ഷമത ഉപകരണങ്ങൾ വിദ്യാലയത്തിൽ സ്ഥാപിക്കൽ.
- വ്യായാമമുറകൾ പരിശീലനം. ആഴ്ചയിലൊരിക്കൽ മാസ് ഡ്രിൽ.
- പലതരം കായിക വിനോദങ്ങൾ പരിചയപ്പെടൽ.

## പ്രവർത്തിപരിചയ പഠനം

- വിദഗ്ധരായ അധ്യാപകരെ പ്രയോജനപ്പെടുത്തി പരിശീലനം മികവുറ്റതാക്കാം.
- രക്ഷിതാക്കളെ ഉൾപ്പെടുത്തി നിർമ്മാണ ശില്പശാലകൾ.
- ടീച്ചിംഗ് എയ്ഡ് നിർമ്മാണം.
- കൗതുകവസ്തുക്കൾ നാടൻ ഉപകരണങ്ങൾ തുടങ്ങിയവ സ്കൂളിൽ നിർമ്മാണം പ്രദർശനം.

ഈ പ്രവർത്തനങ്ങൾ എല്ലാം നമ്മുടെ സ്കൂൾ സാഹചര്യത്തിന് അനുകൂലമായ സാഹചര്യത്തിൽ നടത്തണം സ്കൂൾ സാമ്പത്തിക സ്ഥിതി പരിതാപകരമായതിനാൽ ഒരുതരത്തിലും സാമ്പത്തിക സഹായം ലഭ്യമല്ലാത്ത (പുറത്ത് നിന്ന്)സാഹചര്യത്തിൽ ഗവൺമെന്റിൽ നിന്ന് ലഭ്യമാകുന്നതും അധ്യാപകരുടെയും സമാഹരണത്തിലാണ് ഈ പ്രവർത്തികൾ നടന്നു പോകുന്നത്

# അക്കാദമിക

## മാസ്റ്റർ പ്ലാൻ

## 2025-26

## ജി എൽ പി എസ് ചോക്കാട്